DIC/2393/2021-EC3

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി:24/09/2021

**<u>സർക്കുലർ</u>**

വിഷയം :- വ്യവസായം- ജീവനക്കാര്യം – സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് അപേക്ഷ ക്ഷണിക്കുന്നു.

സൂചന:- 25/02/2017 തീയതിയിലെ സ.ഉ.(പി) നം.03/2017/ഉ.പ.ഭവ.

സൂചനയിൽ പ്രതിപാദിച്ചിരിക്കുന്ന സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റനിയമനത്തിനു വേണ്ടി അപേക്ഷ ക്ഷണിക്കുന്നു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ 10/10/2021-ന് മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തീയതിക്ക് ശേഷം ഈ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

i) ഓരോ വർഷവും ഫെബ്രുവരി 28നു മൂന്നു വര്ഷം തികയുന്ന ജീവനക്കാരുടെ അപേക്ഷ മാത്രമേ പരിഗണിക്കാൻ പാടുള്ളൂ . മൂന്നു വര്ഷം കാലാവധി എന്നത് ഡ്യൂട്ടിയിൽ പ്രവേശിച്ച തീയതി മുതൽ അടുത്ത ഏപ്രിൽ 30 വരെ കണക്കാക്കാവുന്നതാണ് .

ii) എല്ലാ വകുപ്പുകളുടെയും മേധാവികൾ ജീവനക്കാരുടെ ഒരു ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഇനി മേൽ സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന്റെയും നിയമനത്തിന്റെയും നടപടികൾ ഓൺലൈൻ സമ്പ്രദായത്തിൽ കൂടി മാത്രം നടത്തേണ്ടതുമാണ്. ഇതിലേക്കാവശ്യമായ സോഫ്റ്റ്‌വെയർ പ്രാപ്തമാക്കുന്നതും ഈ സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനായുള്ള പരിശീലനവും NIC(നാഷണൽ ഇൻഫോർമാറ്റിക് സെൻററർ)
എർപ്പെടുത്തുന്നതാണ് .

iii) പുറത്തെ സ്റ്റേഷനിൽ 3 വർഷ കാലാവധി പൂർത്തിയാക്കിയ അവകാശപ്പെട്ട ആൾക്ക് മാറ്റം നൽകുന്നതിനു ആവശ്യമുള്ള പക്ഷമോ നിലവിലുള്ള ജീവനക്കാരന്റെ സ്ഥലം മാറ്റം പൊതു താൽപര്യാർത്ഥം ആവശ്യമായി വരുന്ന പക്ഷമോ അല്ലാതെ ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്നു വര്ഷം സർവിസ് പൂർത്തിയാക്കിയിട്ടില്ലാത്ത ഒരു ജീവനക്കാരനെയും അച്ചടക്ക നടപടി /വിജിലൻസ് അന്വേഷണം ,അനുകമ്പർഹമായ കാരണങ്ങൾ, ഒഴിവില്ലാത്ത കാരണങ്ങളാൽ സ്വന്തം ജില്ലയിൽ /ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥാലം മാറ്റപ്പെട്ടവർ എന്നിവയിൽ ഉൾപ്പെടാത്തവരെ സ്ഥലം മാറ്റേണ്ട ആവശ്യമില്ല . ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്നു വര്ഷത്തെ സേവനം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥാലം മാറ്റേണ്ടതില്ല. മറ്റൊരു സ്റ്റേഷനിൽ മൂന്നു വര്ഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ സ്റ്റേഷനിൽ സ്ഥലം മാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്ഥലം മാറ്റം നടത്തിയാൽ മതിയാകും. എന്നിരുന്നാലും 3 വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ /സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ല . അദ്ദേഹത്തെ/അവരെ അതേ സ്റ്റേഷനുള്ളിലെ /ഓഫീസിനുള്ളിലെ /സെക്ഷനുള്ളിലെ മറ്റു സീറ്റുകളിലേക്ക് /സെക്ഷനുകളിലേക്ക് സ്ഥലം മാറ്റേണ്ടതാണ്.

ഒരു ജില്ലയിൽ മൂന്നു വർഷത്തിൽ കൂടുതൽ കാലം സേവനം പൂർത്തിയാക്കിയ ജീവനക്കാരുടെ പട്ടിക അതാതു നിയന്ത്രണാധികാരികൾ പ്രത്യേകമായി തയ്യാറാക്കി 10/10/2021 ന് മുൻപായി ഇ-മെയിൽ ആയി നൽകേണ്ടതാണ്. ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷകളിൽ അർഹതയുള്ളവ മാത്രം നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തി ഈ ഓഫീസിൽ തുടർനടപടിക്കായി സമർപ്പിക്കേണ്ടതാണ്. അപൂർണ്ണമായ അപേക്ഷൾ പരിഗണിക്കുന്നതല്ല. വ്യവസായ വാണിജ്യ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ തീർപ്പാക്കാവുന്ന അപേക്ഷകൾ പരിഗണിച്ച 20/10/2021 ന് മുൻപായി കരട് പൊതു സ്ഥലംമാറ്റ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതാണ്. തുടർന്ന് അപ്പീലുകൾ ലഭിക്കേണ്ട അവസാന തീയതി 30.10.2021 അപ്പീലുകൾ പരിഗണിച്ച 05/11/2021-ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signature Not Verified
Digitally signed by S.HARIKISHORE IAS
Date: 2021.09.24 16:15:46 IST
Reason: Approved

**ഡയറക്ടർ,**

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**

സ്വീകർത്താവ് :-

1. ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്
2. ഡയറക്ടർ, കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്
3. ജനറൽ മാനേജർ , ജില്ലാ വ്യവസായ കേന്ദ്രം
4. ഉപജില്ലാ വ്യവസായ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസ്
5. പ്രോജക്ട് ഓഫീസർ(കയർ) കയർ പ്രൊജക്റ്റ് ഓഫീസ്